**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3773 **21.06.2018-ൽ മറുപടിയ്ക്ക്**

## കാരുണ്യ പദ്ധതിയുടെ സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിന് നടപടി

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, സി. കെ. ശശീന്ദ്രൻ<br>,, സജി ചെറിയാൻ<br>,, ജെയിംസ് മാത്യു | | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|
| **കാരുണ്യ പദ്ധതിയുടെ** സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കാരുണ്യ പദ്ധതിയുടെ സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>1. കാരുണ്യ പദ്ധതിയുടെ സോഫ്റ്റ് വെയർ നവീകരിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി. നവീകരണം അന്തിമ ഘട്ടത്തിലാണ്.<br>2. താല്ക്കാലിക അടിസ്ഥാനത്തിലും, ദിവസ വേതനാടിസ്ഥാനത്തിലും, ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.<br>3. വൃക്ക രോഗികൾക്കുള്ള ചികിത്സാ ധനസഹായം രണ്ട് ലക്ഷം രൂപയിൽ നിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.<br>4. കാരുണ്യ പദ്ധതിയ്ക്കുള്ള ബഡ്ജറ്റ് വിഹിതം കഴിഞ്ഞ സാമ്പത്തിക വർഷം 261.32 കോടി രൂപയായിരുന്നത് ഈ സാമ്പത്തിക വർഷം 397.5 കോടിരൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>5. സർക്കാർ ആശുപത്രികളിലെ ചികിത്സാ പാക്കേജുകൾ ഏകീകരിക്കുന്നതിനും സ്വകാര്യ ആശുപത്രികളിലെ പാക്കേജ് നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനുമായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. |
| ഇതിനായി നടപ്പിലാക്കിയ പുതിയ സോഫ്റ്റ് വെയർ സംവിധാനത്തിന്റെ വിശദാംശം നൽകുമോ; | (ബി) | കാരുണ്യ ബനവലൻറ് ഫണ്ടിന്റെ പ്രവർത്തനത്തിനായി KBFATS എന്ന സോഫ്റ്റ് വെയർ കെൽട്രോൺ നേരത്തെതന്നെ രൂപീകരിച്ചിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ടി സോഫ്റ്റ് വെയർ നവീകരണം അന്തിമ ഘട്ടത്തിലാണ് സർക്കാർ ആശുപത്രികൾക്ക് നൽകുന്ന ഫണ്ടിന്റെ വിനിയോഗ വിവരം ആശുപത്രികളിൽതന്നെ സോഫ്റ്റ് വെയറിൽ ചേർക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അടിയന്തിര സാഹചര്യത്തിലെ |

| | | | |
|---|---|---|---|
| | | | ചികിത്സാ ചെലവ് അനുവദിക്കുന്നതിനുള്ള റീഇംബേഴ്സ്മെൻറ് അപേക്ഷകൾ, ഹീമോഫീലിയ ധനസഹായ അപേക്ഷകൾ, അവയദാതാവിനുള്ള ചികിത്സാ ധനസഹായ അപേക്ഷകൾ എന്നിവ പ്രോസസ് ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ചികിത്സാ പദ്ധതിക്കായി എത്ര കോടി രൂപ ചെലവഴിച്ചു. | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31.05.2018 വരെ കാരുണ്യ ചികിത്സാ പദ്ധതിക്കായി 657.22 കോടി രൂപ ചെലവഴിച്ചു. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം വൃക്ക സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സാ സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ: | (ഡി) | ഉണ്ട്. വൃക്കരോഗികളുടെ ചികിത്സാധന സഹായം രണ്ട് ലക്ഷം രൂപയായിരുന്നത് 14.03.2017-ലെ GO(Rt) No. 197/17/TD. സർക്കാർ ഉത്തരവ് പ്രകാരം 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. |
| (ഇ) | കാരുണ്യ പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനുള്ള **നടപടികൾ** സ്വീകരിക്കുമോ? | (ഇ) | അർഹതയുള്ള എല്ലാവർക്കും ചികിത്സാ ധനസഹായം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**